# പത്രകുറിപ്പ്

തിരുവനന്തപുരം നഗരത്തിലെ പുത്തരികണ്ടം മൈതാനത്ത് എ.ബി.വി.പി സംഘടിപ്പിക്കുന്ന മഹാറാലിയോടനുബന്ധിച്ച് 11.11.2017 തീയതി രാവിലെ 09.00 മണിമുതൽ നഗരത്തിൽ ഗാതാഗതക്രമീകരണം ഉണ്ടയിരിക്കുന്നതാണ്.

മഹാറാലി ആരംഭിക്കുന്ന സമയം മുതൽ തീരുന്നതുവരെ മ്യൂസിയം - ആർ.ആർ.ലാംമ്പ് - പാളയം, വി.ജെ.റ്റി - സ്റ്റാച്യൂ- പുളിമൂട് - ആയുർവേദ കോളേജ്- ഒ.ബി.റ്റി.സി - കിഴക്കേകോട്ട (എം.ജി.റോഡ്) റോഡിലും, കേശവദാസപുരം - പട്ടം - പി.എം.ജി - ജി.വി രാജ – ആർ.ആർ ലാംമ്പ് റോഡിലൂടെയുമുള്ള ഗതാഗതം ഒഴിവാക്കി യാത്രക്കാർ യാത്രചെയ്യേണ്ടതാണ്.

1. റാലിയിൽ പങ്കെടുക്കാൻ നെയ്യാറ്റിൻകര – കാട്ടാക്കട - പാറശ്ശാല ഭാഗത്തു നിന്നും അന്യ സംസ്ഥാന പ്രവർത്തകരെയും കൊണ്ട് വരുന്ന വാഹനങ്ങൾ കരമന – പൂജപ്പുര – ജഗതി - സാനഡു വഴി ബേക്കറി ജംഗ്ഷനിൽ എത്തി ആളെ ഇറക്കിയ ശേഷം തീരികെ പൂജപ്പുര ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ്.

2. നെടുമങ്ങാട് - വെള്ളനാട് - കിളിമാനൂർ - പേരൂർക്കട ഭാഗത്തു നിന്നും അന്യ സംസ്ഥാന പ്രവർത്തകരെയും കൊണ്ട് വരുന്ന വാഹനങ്ങൾ വെള്ളയമ്പലം വഴി വന്ന് മ്യൂസിയം ജംഗ്ഷനിൽ ആളെ ഇറക്കിയ ശേഷം നന്ദാവനം - ബേക്കറി - പനവിള - തൈക്കാട് - തമ്പാനൂർ - ചൂരക്കാട്ട് പാളയം - കിള്ളിപ്പാലം - ബണ്ട് റോഡ് വഴി ആറ്റുകാൽ പാർക്കിംഗ് ഗ്രൗണ്ടിൽ എത്തി പാർക്ക് ചെയ്യേണ്ടതാണ്.

3. റാലിയിൽ പങ്കെടുക്കാൻ ആറ്റിങ്ങൽ – കഴക്കൂട്ടം ഭാഗത്തു നിന്നും ബൈപ്പാസ് വഴി അന്യ സംസ്ഥാന പ്രവർത്തകരെയും കൊണ്ട് വരുന്ന വാഹനങ്ങൾ ചാക്ക-പേട്ട – ജനറൽ ആശുപത്രി - ആശാൻ സ്ക്വയർ – അണ്ടർ പാസ് വഴി വന്ന് ബേക്കറി ജംഗ്ഷനിൽ എത്തി ആളെ ഇറക്കിയ ശേഷം വാഹനങ്ങൾ പനവിള - തൈക്കാട് - തമ്പാനൂർ - ചൂരക്കാട്ട് പാളയം - കിള്ളിപ്പാലം - ബണ്ട് റോഡ് വഴി ആറ്റുകാൽ പാർക്കിംഗ് ഗ്രൗണ്ടിൽ എത്തി പാർക്ക് ചെയ്യേണ്ടതാണ്.

4. എൻ.എച്ച് & എം.സി റോഡ് വഴി കേരളത്തിനകത്തു നിന്നും പ്രവർത്തകരെ കൊണ്ട് വരുന്ന വാഹനങ്ങൾ, പട്ടം - കേശവദാസപുരം റോഡിൽ എത്തി പ്രവർത്തകരെ ഇറക്കിയ ശേഷം പട്ടത്ത് നിന്നും തിരിഞ്ഞ് പൊട്ടക്കുഴി - കുമാരപുരം - കിംസ് - വെൺപാലവട്ടം - ചാക്ക വഴി ഈഞ്ചയ്ക്കൽ ബൈപാസ് എത്തി സർവ്വീസ് റോഡിൽ പാർക്ക് ചെയ്യേണ്ടതാണ് ചെയ്യേണ്ടതാണ്.

## വാഹനങ്ങൾ വഴിതിരിച്ച് വിടുന്ന സ്ഥലങ്ങൾ

- ദേശീയപാതയിൽ നിന്നും വരുന്ന വാഹനങ്ങൾ ഉള്ളൂർ ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് മെഡിക്കൽകോളേജ് - കുമാരപുരം - കണ്ണമ്മൂല – നാലുമുക്ക് - പാറ്റൂർ – ജനറൽ ആശുപത്രി ആശാൻ സ്ക്വയർ – അണ്ടർ പാസ് വഴി പോകേണ്ടതാണ്.

- എം. സി റോഡ് വഴി വരുന്ന വാഹനങ്ങൾ മണ്ണന്തലയിൽ നിന്നും തിരിഞ്ഞ് മുക്കോല – പേരൂർക്കട – ശാസ്തമംഗലം - ഇടപ്പഴിഞ്ഞി - എസ്.എം.സി - വഴുതക്കാട് വഴി പോകേണ്ടതാണ്.

- കരമന ഭാഗത്ത് നിന്നും കിഴക്കേകോട്ട ഭാഗത്തേയ്ക്ക് വരുന്ന വാഹനങ്ങൾ കിള്ളിപ്പാലം , അട്ടക്കുളങ്ങര വഴി പോകേണ്ടതാണ്.

## നോ പാർക്കിംഗ് സ്ഥലങ്ങൾ.

- മ്യൂസിയം – കനകനഗർ റോഡ്
- മ്യൂസിയം – നന്ദാവനം – ബേക്കറി റോഡ്
- മ്യൂസിയം – ആർ.ആർ. ലാംമ്പ് – സ്റ്റാച്യൂ – കിഴക്കേകോട്ട വരെയുള്ള റോഡ്
- ഉള്ളൂർ – കേശവദാസപുരം – പട്ടം വരെയുള്ള റോഡ്
- പട്ടം – മുറിഞ്ഞപാലം – കുമാരപുരം വരെയുള്ള റോഡ്
- ഉള്ളൂർ – മെഡിക്കൽ കോളേജ് – കണ്ണമ്മൂല വരെയുള്ള റോഡ്

- കിഴക്കേകോട്ട – അട്ടക്കുളങ്ങര – കിള്ളിപാലം വരെയുള്ള റോഡ്
- കിഴക്കേകോട്ട – മിത്രാനന്ദപുരം – ഈഞ്ചയ്ക്കൽ വരെയുള്ള റോഡ്
- കിള്ളിപ്പാലം – ബണ്ട് റോഡ് – ആറ്റുകാൽ വരെയുള്ള റോഡ്

റാലിയുമായി ബന്ധപ്പെട്ട വരുന്ന എല്ലാ വാഹനങ്ങളും ഗതാഗതതടസ്സം കൂടാതെ പോകേണ്ട സ്ഥലങ്ങൾക്കനുസരിച്ച് അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രം വാഹനങ്ങൾ പാർക്ക് ചെയ്യേണ്ടതാണ്. റോഡിനു പരാലൽ ആയോ, ഗതാഗതതടസ്സം ഉണ്ടാക്കുന്ന രീതിയിലോ, മറ്റു വാഹനങ്ങൾക്ക് കടന്നു പോകുന്നതിന് തടസ്സം ഉണ്ടാക്കുന്ന രീതിയിലോ പാർക്ക് ചെയ്യുവാൻ പാടില്ല. പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ ഡ്രൈവറോ, ക്ലീനറോ, ഉണ്ടായിരിക്കേണ്ടതാണ്. വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഉത്തരവാദപ്പെട്ടയാളുടെ ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

സമ്മേളനം കഴിഞ്ഞ് ആറ്റിങ്ങൽ, കിളിമാനൂർ,കോവളം, തിരുവല്ലം നെയ്യാറ്റിൻകര, ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ ഈഞ്ചയ്ക്കൽ ബൈപാസിൽ നിന്നും ആളെ എടുത്ത് ബൈപ്പാസിലൂടെ തന്നെ വടക്ക് ഭാഗത്തേയ്ക്കും. തെക്ക്ഭാഗത്തേയ്ക്കും പോകേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:-

0471-2558731, 0471-2558732
1099

പോലീസ് അസി.കമ്മീഷണർ
ട്രാഫിക് നോർത്ത്&സൗത്ത് സബ്ഡിവിഷൻ
തിരുവനന്തപുരം സിറ്റി.